**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **28-07-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ പ്രസ്സുകൾ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി കിഫ്ബി മുഖേന 100 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനായി തെരഞ്ഞെടുത്ത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഇതിനോടകം തന്നെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയുടെ പരിഗണനയിലാണ്. ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പുതുതായി ഒരു മൾട്ടി കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ചു. ഈ മെഷീൻ ഉപയോഗിച്ച് ടെക്സ്റ്റ് ബുക്കുകൾ, ലോട്ടറി, സർക്കാർ ഡയറി, കലണ്ടർ എന്നിവയും മണ്ണന്തല പ്രസ്സിലെ ഭൂരിഭാഗം ജോലികളും നിർവ്വഹിക്കാൻ സാധിക്കും. അച്ചടി വകുപ്പിൽ നിലവിൽ എക്സ്ട്രാ ഓർഡിനറി ഗസറ്റുകൾ ഓൺലൈനായാണ് പ്രസിദ്ധീകരി ക്കുന്നത്. കേരള ഗസറ്റും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. അച്ചടി വകുപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ OMR ഷീറ്റ് പുതിയ യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തി സുരക്ഷാ സംവിധാനങ്ങളോടെ അച്ചടിക്കുന്നുണ്ട്. 2020-21 സാമ്പത്തികവർഷത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് 6.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 6,35,00,000/- രൂപയുടെ മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 6,50,00,000/- രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 1,50,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | വാഴൂർ സർക്കാർ പ്രസ്സിന്റെ നവീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) | അച്ചടി വകുപ്പിനു കീഴിലുള്ള വാഴൂർ ഗവൺമെന്റ് പ്രസ്സുമായി ബന്ധപ്പെട്ട ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മാണം, വേസ്റ്റ് പേപ്പർ ഗോഡൗൺ വിപുലീകരണം, ടോയ് ലറ്റ് സൗകര്യങ്ങളുടെ |

| | | | |
|---|---|---|---|
| | | | നവീകരണം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 27/01/2016ലെ സ.ഉ.(സാധാ) 269/16/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മാണം, വേസ്റ്റ് പേപ്പർ ഗോഡൗൺ വിപുലീകരണം എന്നീ പ്രവർത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടോയ് ലറ്റ് സൗകര്യങ്ങളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) | വാഴൂർ സർക്കാർ പ്രസ്സിൽ വെബ് ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ ഇപ്പോൾ ലഭ്യമാണോയെന്നും ആയത് പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അച്ചടി വകുപ്പിനു കീഴിലുള്ള വാഴൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ